(Pages : 4) **ME 901**

Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2019

## MALAYALAM

First Language - Paper I

Time : 1½ Hours Total Score : 40

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

Score

1. 'അദ്വിതീയമായ രൂപഭംഗിയിലും അന്യാദൃശമായ ആകാര സൗഷ്ഠവത്തിലും കാളിദാസ കൃതികളെ <u>മുട്ടിനിൽക്കുവാൻ</u> വിശ്വസാഹിത്യത്തിൽ ദുർലഭം രചനകളേ ഉള്ളൂ' 1

   അടിവരയിട്ട പ്രയോഗത്തിന് സമാനമായ മറ്റൊരു പ്രയോഗം എഴുതുക.

2. 'പ്രാണനോടുമൊരു നാൾ ഭവൽ പദം 1
   കാണുവാൻ ചിരമഹോ കൊതിച്ചു ഞാൻ
   കേണുവാണിവിടെ, യേകുമർഥിയാം
   പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ'

   അർഥി എന്ന വാക്ക് സൂചിപ്പിക്കുന്നതാരെ ?

   - ദിവാകരനെ
   - നളിനിയെ
   - ഈശ്വരനെ
   - ജീവനെ

3. ''കാന്തിക്ക് എവിടെ കിട്ടിയെടാ ഈ ചാക്കുപോലത്തെ പുഷ്ക്കടിമുണ്ട് ?''- ഈ വാക്കിലൂടെ വ്യക്തമാകുന്ന മാതാവിന്റെ ഭാവം ? 1

   - ഭക്തി
   - കോപം
   - വാത്സല്യം
   - അദ്ഭുതം

4. എന്നാൽ ഈ <u>നിശ്ചലാവസ്ഥ</u> ചിത്രീകരിക്കുവാൻ വർണങ്ങൾക്കും രേഖകൾക്കുമാണ് കൂടുതൽ കഴിവുള്ളത്. 1

   അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹരൂപം കണ്ടെത്തി എഴുതുക.

   - നിശ്ചലത്തിന്റെ അവസ്ഥ
   - നിശ്ചലമായ അവസ്ഥ
   - നിശ്ചലവും അവസ്ഥയും
   - നിശ്ചലയുടെ അവസ്ഥ

P.T.O.

Score

5 മുതൽ 7 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും **രണ്ടെണ്ണത്തിനു** മാത്രം ഉത്തരമെഴുതുക. (ഓരോന്നിനും 2 സ്കോർ) 2x2=4

5. അർത്ഥ വ്യത്യാസം വരാതെ ഒറ്റ വാക്യമാക്കുക.

ഒരോട്ടു ഗ്ലാസിൽ ചൂടുള്ള കാപ്പിയും താലത്തിൽ നെയ്യപ്പവും മലരുമായി മാധവം തലത്ത് മെല്ലെ നടന്നു വന്നു. പണ്ട് തന്റെ അമ്മ നടന്നുവരാറുള്ളതുപോലെ.

6. 'പുഴ കടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു'

വെള്ളായിയപ്പനെ വേദനിപ്പിച്ച ഏതെങ്കിലും രണ്ടു കാരണം സൂചിപ്പിക്കുക.

7. ''താത, നീയിവരോടു
പൊറുക്കേണമേ!''യെന്നു
പാതി കൂമ്പിയ കൺക-
ളിപ്പോഴും പ്രാർത്ഥിക്കുന്നു.
- മൈക്കലാഞ്ജലോ, മാപ്പ്

ഇങ്ങനെ പ്രാർത്ഥിക്കാനിടയായ സാഹചര്യമെന്ത്?

മുതൽ 13 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിനു മാത്രം ഉത്തരം എഴുതുക. അരപ്പുറം വീതം ഓരോന്നിനും 4 സ്കോർ) 4x5=20

''ദേഹാഭിമാനം നിമിത്തമായുണ്ടായ
മോഹേന ലോകം ദഹിപ്പിപ്പതിന്നു നീ
മാനസതാരിൽ നിരൂപിച്ചതും തവ
ജ്ഞാനമില്ലായ്കെന്നറിക നീ ലക്ഷ്മണ!''

'ക്രോധമല്ലോ നിജ ധർമ്മ ക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം'
- ലക്ഷ്മണ സാന്ത്വനം

രാമൻ ലക്ഷ്മണന് നൽകുന്ന ഉപദേശം വർത്തമാന കാല സമൂഹത്തിൽ എത്രത്തോളം പ്രസക്തമാണ് ? വിലയിരുത്തുക.

''ആ ചരടുകളെല്ലാം കൂടി കെട്ടുപിണഞ്ഞ്, ആ കെട്ടുകളിൽ കുരുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു.''

''വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണം പോലെയല്ലേ ഇപ്പോൾ തന്റെ അവസ്ഥ ?...''

ദസ്തയേവ്സ്കിയുടെ ജീവിതത്തെ അടയാളപ്പെടുത്തുവാൻ ഈ വാക്യങ്ങൾക്കു കഴിയുന്നുണ്ടോ? കണ്ടെത്തി കുറിപ്പ് തയാറാക്കുക.

Score

10. 'ദിവസേന, പൊട്ടിയ കുപ്പിയും കീറക്കടലാസും പഴന്തുണിയുമൊക്കെ പെറുക്കി നടന്ന് വിറ്റില്ലെങ്കിൽ അന്നന്നത്തെ ആഹാരത്തിനു വഴിയില്ലാത്ത അവസ്ഥയിലായി അവർ.'

''....ലിംബാളെ കാണിച്ച സത്യസന്ധതയുണ്ടല്ലോ, അത് ഈ ക്ലാസ്സിന്റെ മുഴുവൻ വിജയമാണ്.''

- അക്കർമാശി

കഷ്ടപ്പാടുകൾക്കിടയിലും മൂല്യവത്തായ ഒരു ജീവിതം ലിംബാളെയ്ക്ക് സാധ്യമായിരുന്നോ ? സൂചനകളെ അടിസ്ഥാനമാക്കി വിലയിരുത്തുക.

11. 'എല്ലാവരുടേയും നിഴലുകളെ പിന്നിലേക്കു വീഴ്ത്തിയ റാന്തലിന്റെ കടും മഞ്ഞ വെളിച്ചത്തിൽ വൃദ്ധന്റെ കടക്കണ്ണിൽ നിന്ന് ചോര പൊടിയുന്നതു കണ്ട ആ നിമിഷം ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞു പോകുന്നതായി ജൂലിയാന അറിഞ്ഞു.'

ജൂലിയാനയുടെ ഈ തിരിച്ചറിവ് കഥയ്ക്ക് നൽകുന്ന മാനങ്ങൾ എന്തൊക്കെയാവാം? കഥയിലെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

12. 'നേരെ നിന്നോടെടോ ഞാൻ പുനരാരെന്നും പറയാം
പാരിലെന്നെയിന്നാരറിയാതവർ
വൈരി വൈരസേനിക്കിഹ ഞാൻ കലി,
തവ ഞാൻ മിത്രം, തസ്യ നാടുഞാൻ
തേ തരുന്നു, ചൂതുപൊരുക, പോരിക.'

- നളചരിതം

കലി സ്വയം പരിചയപ്പെടുത്തുന്ന വാക്കുകൾ പുഷ്കരന്റെ മനോഭാവത്തിൽ മാറ്റം വരുത്തുവാൻ പര്യാപ്തമാണോ ? നിരീക്ഷണക്കുറിപ്പ് തയാറാക്കുക.

13. • 'പ്രഭാതമായി, മനുഷ്യച്ചോരയിലാണ്ട ദ്രൗണിയുടെ വാൾപ്പിടി കൈപ്പടത്തോടൊട്ടിപ്പിടിച്ച് ഒന്നായി തീർന്നതു പോലായി'

• രാത്രി ആളുകളുറങ്ങി എത്രയ്ക്കു നിശബ്ദമായ ശിബിരത്തിലേക്കാണോ താൻ കടന്നു ചെന്നത്, ആളുകൾ കൊല്ലപ്പെട്ട് അത്രയും നിശബ്ദമായ ശിബിരത്തിൽ നിന്ന് അയാൾ പുറത്തേക്കും പോന്നു.'

- യുദ്ധത്തിന്റെ പരിണാമം

സന്ദർഭങ്ങൾ ഭാവതീവ്രമാക്കുന്നതിൽ ഇത്തരം ഭാഷാ പ്രയോഗങ്ങൾക്ക് കഴിയുന്നുണ്ടോ? വിശകലനം ചെയ്യുക.

**14 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിനു മാത്രം ഉത്തരം എഴുതുക. (ഒരു പുറം വീതം - ഓരോന്നിനും 6 സ്കോർ)** **6x2=12**

14. ''എത്ര കൊറ്റക്കുടകൾ, യുഗങ്ങളിൽ
കുത്തി നിർത്തിയ മുത്തണിക്കുണുകൾ
അക്കുളമ്പടിയേറ്റു വീണുപോയ്,
അത്രയേറെബ്ഭരണ കൂടങ്ങളും!''

– അശ്വമേധം

സർഗ ശക്തിയെ തടഞ്ഞു വെക്കാൻ ഒന്നിനും കഴിയില്ല എന്ന പ്രഖ്യാപനമാണല്ലോ ഈ വരികളുടെ അന്തഃസത്ത. ഇതിനെ സമർത്ഥിച്ചു കൊണ്ട് 'സർഗശക്തിയും മാനവപുരോഗതിയും' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

15. 'ഏവമോതിയടരാർന്നു കണ്ണുനീർ
തൂവിനാൽ മൊഴി കുഴഞ്ഞി നിന്നവൾ
ഭാവശാലികൾ പിരിഞ്ഞു കൂടിയാ-
ലീവിധം വികലമാം സുഖോദയം'

– പ്രിയദർശനം

പ്രണയവും വിരഹവും കവികൾക്കും കലാകാരന്മാർക്കും എന്നും ഇഷ്ട വിഷയമാണ്. പാഠഭാഗം വിശകലനം ചെയ്ത് പ്രണയവും വിരഹവും 'പ്രിയദർശന'ത്തിൽ 'എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.'

16. താഴെ കൊടുത്തിരിക്കുന്ന കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

**കോഴി**

തള്ളക്കോഴി പറഞ്ഞു തുടങ്ങി:
'കൊക്കൊ കൊക്കക്കോ....'
മോളിലാണവർ, മാനത്തെ മേട-
വീട്ടിലാണക്കഴുകന്മാർ വാഴ്ച
നീളമറ്റ ചിറകുമായ് നമ്മൾ
നേരിടാനോ നിവൃത്തിയില്ലല്ലോ!
കാവിലക്കിളിപ്പാട്ടുകൾ കേട്ടും
പൂവു കണ്ടും പറന്നുചെല്ലല്ലെ
കാടിനുള്ളിൽ പതുങ്ങിയിരിക്കും
കാടനുണ്ടു കടിച്ചു പറിക്കും.
തോട്ടുവക്കിലെ കൈതയ്ക്കകത്ത്
തെറ്റിപൂത്ത പടർപ്പിന്നകത്ത്
കാറ്റു തിന്നു കഴിയുന്ന വർഗം
കാത്തിരിപ്പു കരുതി നടക്ക
കണ്ണുവേണമിരുപുറമെപ്പോഴും
കണ്ണുവേണം മുകളിലും താഴേം
കണ്ണിലെപ്പൊഴും കത്തിജ്ജ്വലിക്കു-
മുൾക്കണ്ണു വേണമണയാത്ത കണ്ണ്.
നാളെ നിന്നെക്കൊത്തിമാറ്റുമ്പോൾ
നാളെകൾ നിന്നെ മാടിവിളിക്കും
നിന്റെ ജീവിതം നിൻ കാര്യം മാത്രം
എന്റെ കർമം ഞാൻ....
കൊക്കൊക്കൊക്കൊക്കൊ....

(കടമ്മനിട്ട രാമകൃഷ്ണൻ)

-oOo-